**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന - ശ്രീമതി. എസ്. ലക്ഷ്മി,സീനിയർ സൂപ്രണ്ട്, ശ്രീ.എ.സതീഷ് കുമാർ യു.ഡി. ക്ലാർക്ക്, ശ്രീ.എസ്.ഷാജി, റവന്യൂ ഇൻസ്പെക്ടർ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 3133/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 13.12.2018

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.06.2012 തീയതിയിലെ ഇ 1(എസ്.സി 6/2011/ TVM) 2446/2011 നം. കത്ത്

2. സർക്കാരിന്റെ 12.06.2015 തീയതിയിലെ 59094/ഇയു2/12/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 26.09.2018 തീയതിയിലെ വി1-14451/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസിലെ ഉദ്യോഗസ്ഥർ ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിൽ ക്രമക്കേട് നടത്തി എന്ന ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 07/01/2012ൽ നടത്തിയ മിന്നൽ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഉദ്യോഗസ്ഥരായ ശ്രീമതി.എസ്.ലക്ഷ്മി, സീനിയർസൂപ്രണ്ട്, ശ്രീ.എ.സതീഷ് കുമാർ, യു.ഡി.ക്ലാർക്ക്, ശ്രീ.എസ്.ഷാജി, റവന്യൂ ഇൻസ്പെക്ടർ എന്നിവർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് സമർപ്പിച്ച പ്രതിവാദ പത്രികയിൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. വിജിലൻസ് പരിശോധനാ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസിൽ ക്യാഷ് ബുക്ക്, പേഴ്സണൽ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, രസീത് രജിസ്റ്റർ, ഓണർഷിപ്പ് ചെയ്ഞ്ച് രജിസ്റ്റർ, എന്നിവ കൃത്യമായി സൂക്ഷിച്ചിരുന്നില്ലെന്നത് സൂപ്രണ്ട് ശ്രീമതി. ലക്ഷ്മിയുടെ മേൽനോട്ടക്കുറവ് എന്ന വീഴ്ചയാണെന്നതാണ് ആരോപിച്ചിരുന്ന കുറ്റം.

3.ശ്രീമതി എസ്. ലക്ഷ്മി നൽകിയ വിശദീകരണത്തിൽ 03/01/2012 ൽ ആണ് താൻ സോണൽ ഓഫീസിൽ ചാർജ്ജ് ഓഫീസറായി ചുമതല എടുത്തതെന്നും 07/01/2012 ൽ വിജിലൻസ് പരിശോധന നടത്തുമ്പോൾ ജോയിൻ ചെയ്തിട്ട് 4 ദിവസമേ ആയിട്ടുള്ളുവെന്നും ക്യാഷ് ബുക്ക് മുമ്പും ഇപ്പോഴും ആറ്റിപ്ര സോണൽ ഓഫീസിൽ സൂക്ഷിച്ചിരുന്നില്ലായെന്നും ഡെയ് ലി റിപ്പോർട്ട് മെയിൻ ഓഫീസിൽ കൊടുത്തു വിടുകയും രസീതിന്റെ കോപ്പി ഒരു രജിസ്റ്ററിൽ ഒട്ടിച്ച് സൂക്ഷിക്കുകയാണ് ചെയ്തിരുന്നതെന്നും ഇപ്പോഴും ആ പതിവ് തന്നെയാണ് തുടരുന്നതെന്നും പരാമർശിച്ചിരിക്കുന്നു. പേഴ്സണൽ ക്യാഷ് ഡിക്ളറേഷൻ രജിസ്റ്റർ ആറ്റിപ്ര സോണലിൽ കൈകാര്യം ചെയ്തു വന്നിരുന്നില്ലായെന്നും നഗരസഭാ സെക്രട്ടറിയുടെ 14/05/2013 ലെ ജി.ഒ ജി-E2/8922/2016/Vol 2 നമ്പർ ഉത്തരവ് പ്രകാരം 14/05/2013 മുതലാണ് ടി രജിസ്റ്റർ കൈകാര്യം ചെയ്തു തുടങ്ങിയിട്ടുള്ളതെന്നും ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ നിയമപ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തി ആറ്റിപ്രയിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയവരാണ് പരിശോധിച്ച് വരുന്നതെന്നും ചാർജ്ജ് ഓഫീസർക്ക് ആയത് ഹാജരാക്കാറില്ലെന്നും എതിർവാദ പത്രികയിൽ പരാമർശിച്ചിരിക്കുന്നു. ഓണർഷിപ്പ് ചെയ്ഞ്ച് രജിസ്റ്റർ, പേഴ്സണൽ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ താൻ മനപൂർവ്വം ഒരു വീഴ്ചയും വരുത്തിയിട്ടില്ലെന്നും ആയതിനാൽ മനപൂർവ്വമല്ലാത്ത എന്തെങ്കിലും വീഴ്ച തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കുന്നതിനും ശ്രീമതി എസ് ലക്ഷ്മി അപേക്ഷിച്ചിരുന്നു.

4. വിജിലൻസ് പരിശോധനയിൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ ശരിയായ വിധം സൂക്ഷിച്ചിരുന്നില്ല എന്നും ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷയിന്മേൽ അകാരണമായ കാലതാമസം വരുത്തിയെന്നുമാണ് യു.ഡി.ക്ലാർക്കായ ശ്രീ.എ.സതീഷ്കുമാറിനെതിരായ ആരോപണം.

5. ശ്രീ.എ.സതീഷ്കുമാറിന്റെ എതിർവാദ പത്രികയിൽ 16/07/2011 ലാണ് ആറ്റിപ്ര സോണൽ ഓഫീസിൽ തന്നെ നിയമിച്ചിട്ടുള്ളതെന്നും തുടർന്ന് നിലവിലെ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ. എസ് ബാബു എന്നയാൾ 01/01/2010 ൽ സമർപ്പിച്ചിരുന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടപ്പോൾ അപേക്ഷയിൽ ന്യൂനതകൾ ഉള്ളതിനാൽ അപാകത പരിഹരിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നുവെന്നും ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാത്തതിനാൽ 23/06/2012 ൽ ഓഫീസിൽ നിന്നും ശൂന്യവേതനാവധിയിൽ വിടുതൽ ചെയ്യുന്നതു വരെ അപേക്ഷയിൽ തുടർ നടപടികൾ എടുക്കാൻ കഴിഞ്ഞില്ലെന്നും തന്റെ സേവനകാലയളവിൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ സൂക്ഷിച്ചിരുന്നുവെന്നും ബിൽഡിംഗ് പെർമിറ്റിനു വേണ്ടിയുള്ള ശ്രീ. എസ്.ബാബുവിന്റെ അപേക്ഷയിൽ മനപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലെന്നും മനപൂർവ്വമല്ലാതെ വന്ന വീഴ്ച മാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു.

6. ബിൽഡിംഗ് പെർമിറ്റിനായുള്ള അപേക്ഷയിന്മേൽ റിപ്പോർട്ട് നൽകുന്നതിന് 4 മാസത്തെ കാലതാമസമുണ്ടായി എന്നുള്ളതാണ് ശ്രീ. എസ് ഷാജിയ്ക്കെതിരെയുള്ള ആരോപണം.റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.എസ്.ഷാജി കൊല്ലം നഗരസഭയി

ലേയ്ക്ക് ട്രാൻസ്ഫർ ആയിട്ടുള്ളതും അവിടെ നിന്നും 31/05/2015 ന് വിരമിച്ചിട്ടുള്ളതുമാണ്. കൊല്ലം നഗരസഭ മുഖാന്തിരം മെമ്മോ/പത്രിക ടിയാന് അയച്ചു കൊടുത്തുവെങ്കിലും കൈപ്പറ്റ് പ്രതിയോ മറുപടിയോ നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതാണ് എന്ന് നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

7. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് പ്രകാരം ശ്രീമതി എസ് ലക്ഷ്മി ചാർജ്ജ് ഓഫീസറായി ചുമതലയെടുത്തത് 03/01/2012 തീയതിയാലാണെന്നും അതിനാൽ ഈ വിഷയങ്ങൾ ശ്രദ്ധിക്കുന്നതിന് മതിയായ സമയം ലഭിച്ചിരുന്നില്ലായെന്നും ശ്രീമതി എസ് ലക്ഷ്മിയുടെ ഭാഗത്തു നിന്നും മറ്റ് കൃത്യവിലോപങ്ങളോ തെറ്റകുറ്റമോ ഉണ്ടായിട്ടില്ലായെന്നും തുടർന്ന് രജിസ്റ്ററുകൾ ശരിയായ വിധം സൂക്ഷിച്ചു വരുന്നതാണ് എന്നും റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ ശ്രീ. എ സതീഷ്കുമാർ, യു.ഡി.ക്ലാർക്ക് സമർപ്പിച്ച മറുപടിയിലെ വിശദീകരണങ്ങൾ ശരിയാണ് എന്നും ഒരു ഫയൽ നടപടിയിൽ കാലതാമസമുണ്ടായത് ശരിയാണെങ്കിലും മനപൂർവ്വമായിരുന്നില്ലായെന്നും മറ്റ് കൃത്യ വിലോപങ്ങളോ വീഴ്ചകളോ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും മേഖലാ ജോയിന്റ് ഡയറക്ടർ അറിയിക്കുന്നു.

8. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള ശുപാർശ പ്രകാരം, ശ്രീമതി എസ്. ലക്ഷ്മി 4 ദിവസം മുമ്പ് മാത്രം ചാർജ്ജ് ഏറ്റെടുത്തു എന്നത് ബോദ്ധ്യപ്പെട്ടതിനാലും തുടർന്ന് എല്ലാ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടുള്ളതാകയാലും മറ്റ് കൃത്യവിലോപമോ വീഴ്ചകളോ ഉണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്നും ശ്രീ. എ. സതീഷ്കുമാർ ഒരു അപേക്ഷയിൽ വരുത്തിയ കാലതാമസം, സെക്ഷനിൽ ചാർജ്ജ് എടുക്കുന്നതിനും മുമ്പ് ലഭിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെടാതെ പോയതുമാണെന്ന് കാണുന്നതിനാലും വീഴ്ച മാപ്പാക്കണമെന്ന് അപേക്ഷിച്ചിട്ടുള്ളതിനാലും കൃത്യനിർവ്വഹണത്തിൽ മറ്റുതരത്തിലുള്ള യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലയെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു. കൂടാതെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.എസ്.ഷാജി കൊല്ലം നഗരസഭയിലേയ്ക്ക് ട്രാൻസ്ഫർ ആയിട്ടുള്ളതും അവിടെ നിന്നും 31/05/2015 ന് വിരമിച്ചിട്ടുള്ളതുമാണ്.ശ്രീ. എസ് ഷാജി സൂപ്രണ്ട് തസ്തികയിൽ കൊല്ലം നഗരസഭയിൽ നിന്നും വിരമിച്ച ശേഷമാണ് കുറ്റാരോപണ മോമ്മോ ലഭ്യമാക്കിയിട്ടുള്ളത് എന്നതിനാലും ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും ടിയാന്റെ പേരിൽ അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണ് എന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടു.

9. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ, ജീവനക്കാരുടെ പ്രതിവാദപത്രിക, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ സഹിതം പരിശോധിച്ചതിൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ ശരിയായ വിധം സൂക്ഷിച്ചിരുന്നില്ലായെന്നും എന്നും ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷയിന്മേൽ അകാരണമായ കാലതാമസംവരുത്തിയെന്നുമാണ് യു ഡി ക്ലാർക്ക് ശ്രീ. എ. സതീഷ്കുമാറിനെതിരെയുള്ള ആരോപണം. രജിസ്റ്റർ ശരിയാം വണ്ണം സൂക്ഷിച്ചിട്ടുണ്ട് എന്ന് പ്രതിവാദപത്രികയിൽ പറയുന്നുണ്ട് എങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട

അപേക്ഷ തീയതി ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ, ഫീ രസീത് നമ്പർ മുതലായ കാര്യങ്ങൾ രേഖപ്പെടുത്തിയാണോ രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ശരിയാം വണ്ണം രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല എന്ന ആരോപണം നിലനിൽക്കുന്നു. കൂടാതെ നഗരസഭയിൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിരുന്നില്ലെന്നത് മേൽ നോട്ടത്തിലുള്ള സൂപ്രണ്ട് ശ്രീമതി.ലക്ഷ്മിയുടെ വീഴ്ചയാണെന്നതാണ് ടിയാളുടെ പേരിൽ ആരോപിച്ചിരുന്ന കുറ്റം. എന്നാൽ ശ്രീമതി ലക്ഷ്മി വിജിലൻസ് പരിശോധന നടന്ന 07/01/2012 ന് 4 ദിവസം മുമ്പ് മാത്രം ചാർജ്ജ് ഏറ്റെടുത്തു എന്നത് ബോദ്ധ്യപ്പെട്ടതിനാൽ മറുപടി അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു. കൂടാതെ ശ്രീ. എസ്. ഷാജി 31/05/2015 ന് സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്.

10. മേൽ സാഹചര്യത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 07/01/2012 ൽ തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി സീനിയർ സൂപ്രണ്ടായ ശ്രീമതി. എസ്.ലക്ഷ്മി,റവന്യൂ ഇൻസ്പെക്ടർ ശ്രീ.എസ്.ഷാജി എന്നിവർക്കെതിരായ തുടർനടപടികൾ ഒഴിവാക്കിക്കൊണ്ടും, യു ഡി ക്ലർക്കായിരുന്ന ശ്രീ.എ.സതീഷ്കുമാറിന്റെ ഒരു വാർഷിക ഇൻക്രിമെൻറ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
വിജിലൻസ് വകുപ്പ്( 07.11.2018 ലെ വിജി-ഡി1/1031/2018-വിജി- നമ്പർ കുറിപ്പ് പ്രകാരം)
ശ്രീമതി. എസ്.ലക്ഷ്മി, സീനിയർ സൂപ്രണ്ട്, തിരുവനന്തപുരം നഗരസഭ
ശ്രീ.എസ്.ഷാജി , റവന്യൂ ഇൻസ്പെക്ടർ ,തിരുവനന്തപുരം നഗരസഭ
ശ്രീ.എ.സതീഷ്കുമാർ, യു ഡി ക്ലർക്ക് തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ